# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - തൃശ്ശൂർ ജില്ലയിലെ ആവണിശ്ശേരി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ വി.ബി.ബിജുവിന്റെ 08.08.2010 മുതൽ 30.08.2011 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം. **1589/2016**/തസ്വഭവ. തീയതി, തിരുവനന്തപുരം, **02/5/2016**

---

പരാമർശം: 1. ശ്രീ വി ബി ബിജുവിന്റെ 119/03/2015 ലെ അപേക്ഷ

2. പഞ്ചായത്ത് ഡയറക്ടറുടെ 14.10.2015 ലെ ഇ 6-16024/2015 നമ്പർ കത്ത്

### <u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിലെ ആവണിശ്ശേരി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ വി ബി ബിജുവിന്റെ 08.08.2010 മുതൽ 30.08.2011 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കുന്നതിന് ടിയാൻ പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ വി ബി ബിജു സെറിഫെഡിൽ നിന്നും പുനർവിന്യസിക്കപ്പെട്ട് 06.08.10 ൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും 08.08.2010 മുതൽ അനധികൃതഹാജരില്ലായ്മയിൽ തുടരുകയും തുടർന്ന് ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും 2 വാർഷിക വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞ് വെച്ച് ശിക്ഷ നല്കി അച്ചടക്കനടപടി പൂർത്തിയാക്കുകയും ചെയ്തു. ടി കാലയളവിൽ ടിയാൻ വിദേശത്ത് ജോലിയിൽ ആയിരുന്നവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. 1995 ൽ സേവനത്തിൽ പ്രവേശിച്ച ടിയാൻ 6.8.2010 ൽ പഞ്ചായത്ത് വകുപ്പിൽ പുനർവിന്യസിക്കപ്പെടുകയുണ്ടായി. ടിയാൻ സെറിഫെഡിലായിരുന്ന കാലയളവിൽ അവധിയെടുത്ത് വിദേശത്തായിരിക്കവെയാണ് പഞ്ചായത്ത് വകുപ്പിൽ പുനർവിന്യസിക്കപ്പെടുന്നത്. ടിയാൻ അനുമതിയില്ലാതെയാണ് വിദേശത്ത് ജോലിക്ക് പോയത്, കൂടാതെ 1995 ൽ സേവനത്തിൽ പ്രവേശിച്ച് ഏതാണ്ട് 15 കൊല്ലം കഴിയുന്ന അവസരത്തിലാണ് വിദേശത്ത് ജോലിക്കായുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ ആവണിശ്ശേരി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ വി ബി ബിജുവിന്റെ 08.08.2010 മുതൽ 30.08.2011 വരെയുള്ള അനധികൃത ഹാജരില്ലായ്മ മുൻകാല സർവ്വീസ് നഷ്ടമാകും വിധം 'നോൺ ഡ്യൂട്ടി'യായി ക്രമീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ശ്രീകല സി.എസ്**

ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ആവണിശ്ശേരി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ വി ബി ബിജു, ക്ലാർക്ക്, ആവണിശ്ശേരി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പ്(23.01.2016 ലെ 162496/ആർബി2/2015/ധന നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (ഇപിഎ 1/524/2015/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ